## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.669** **29.10.2019-ൽ മറുപടിക്ക്**

### പെരിന്തൽമണ്ണ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 2016-17 ന് മുമ്പ് ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ കെ. എസ്.ഇ.ബി. വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ; എങ്കിൽ ഓരോന്നിന്റെയും നിലവിലത്തെ അവസ്ഥയും കാലതാമസത്തിന് കാരണവും വ്യക്തമാക്കുമോ; | (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 2016-17-ന് മുമ്പ് ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ കെ. എസ്.ഇ.ബി.എൽ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഒന്നും തന്നെയില്ല. |
| (ബി) 2016-17 ന ശേഷം ആരംഭിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശവും നിലവിലത്തെ അവസ്ഥയും അറിയിക്കുമോ; ഇനിയും ആരംഭിക്കാത്ത പ്രവൃത്തികളും അവയുടെ കാലതാമസത്തിന്റെ കാരണവും ലഭ്യമാക്കുമോ;<br><br>(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ? | (ബി) & (സി) (ബി) & (സി) 2016-17-ന ശേഷം കെ. എസ്.ഇ.ബി.എൽ ന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന പ്രവൃത്തികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു. |

പ്രധാന പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | വർഷം | പ്രധാന പ്രവൃത്തി | ആകെ പൂർത്തീകരിക്കേണ്ടത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത് |
|---|---|---|---|---|---|
| 1 | 2016-17 | 11 കെ.വി. ലൈൻ വലിക്കൽ (കി.മീ) | 21.13 | 21.13 | |
| | 2017-18 | | 6.25 | 6.25 | |
| | 2018-19 | | 35.6 | 16.28 | 19.32 |
| | 2019-20 | | 35.02 | 13.90 | 21.12 |
| 2 | 2016-17 | എൽ.റ്റി. ലൈൻ | 39.68 | 39.68 | |
| | 2017-18 | | 18.54 | 18.54 | |
| | 2018- | | 43.5 | 28.96 | 14.54 |

| | | | | | |
|---|---|---|---|---|---|
| | 19 | വലിക്കൽ | | | |
| | 2019-20 | (കി.മീ) | 27.66 | 11.81 | 15.85 |
| 3 | 2016-17 | ട്രാൻസ്ഫോർമർ (എണ്ണം) | 36 | 36 | |
| | 2017-18 | | 22 | 22 | |
| | 2018-19 | | 35 | 27 | 8 |
| | 2019-20 | | 24 | 9 | 15 |

2018 ലെയും 2019 ലെയും പ്രളയം മൂലവും കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിയിരുന്നതു കൊണ്ടും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ചില പ്രവൃത്തികളിൽ വിചാരിച്ച പുരോഗതി നേടാനായിട്ടില്ല. കാലതാമസം കൂടാതെ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേലാറ്റൂർ 110 കെ.വി. സബ്സ്റ്റേഷനിൽ 110/11 കെ.വി. 12.5 എം.വി.എ ശേഷിയുള്ള രണ്ടാമത്തെ ട്രാൻസ്ഫോർമർ പുതിയതായി സ്ഥാപിച്ചു. കൂടാതെ 110/33 കെ.വി. 16 എം.വി.എ ശേഷിയുള്ള രണ്ടാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ